**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 292** **27-01-2026 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യ-പൊതുവിതരണ വകുപ്പിന് കീഴിൽ നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | നിവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെയായി ഭക്ഷ്യ-പൊതുവിതരണ വകുപ്പിന് കീഴിൽ പയ്യന്നൂർ മണ്ഡല പരിധിയിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും അനുവദിച്ച തുക എത്രയാണെന്നും പദ്ധതി തിരിച്ച് വിശദമാക്കാമോ? | (എ) | പയ്യന്നൂർ മണ്ഡലത്തിൽ ഒപ്പം പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. റേഷൻ കടയിൽ പോയി റേഷൻ വാങ്ങാൻ പറ്റാത്ത അതിദരിദ്രരുടെ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് റേഷൻ വിഹിതം അവരുടെ വീട്ടുകളിൽ സൗജന്യമായി എത്തിച്ച നൽകുന്നതിനായി ഓട്ടോറിക്ഷ തൊഴിലാളികളുടെ സഹായത്തോടെ ആരംഭിച്ച പദ്ധതിയാണ് ഒപ്പം പദ്ധതി. പയ്യന്നൂർ മണ്ഡലത്തിലെ 12383024, 23583034 എന്നീ റേഷൻ കടകളിലാണ് ഒപ്പം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. കൂടാതെ പയ്യന്നൂർ താലൂക്കിലെ 11 റേഷൻകടകളെ കെ-സ്റ്റോറുകളാക്കി മാറ്റിയിട്ടുണ്ട്. കെ-സ്റ്റോർ, ഒപ്പം പദ്ധതികൾക്കായി സർക്കാർ പ്രത്യേകം തുക അനുവദിക്കുന്നില്ല.<br><br>എല്ലാ താലൂക്കിലും എൻ.എഫ്.എസ്.എ ഗോഡൗൺ നിർമ്മിക്കുന്നതിന്റെ ഭാഗമായി പയ്യന്നൂർ താലൂക്കിലെ പൂല്ലുപ്പാറയിൽ വകുപ്പിന് ലഭ്യമായിട്ടുള്ള സ്ഥലത്ത് എൻ.എഫ്.എസ്.എ നിർമ്മാണത്തിനായി 5.88 കോടി രൂപ പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ